" ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ് – ജീവനക്കാര്യം- കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് - ഓഡിറ്റ് വകുപ്പിന്റെ സ്റ്റാറ്റ്യൂട്ടറി പരിശീലനകേന്ദ്രം IT assisted learning tools ന്റെ സഹായത്തോടെ ആധുനികവൽക്കരിക്കുന്നതിനു അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (എസ്റ്റാബ്ലിഷ്മെന്റ് -ഡി) വകുപ്പ്**

**സ.ഉ (സാധാ) നം.844/2020/ധന** **തീയതി,തിരുവനന്തപുരം, 29/01/2020.**

---

പരാമർശം :- 1) കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 25/11/2019, 14/01/2020 തീയതികളിലെ കെ.എസ്.എ 3288/ ഐ.ടി 2/2019 നമ്പർ കത്ത്.

2) 16/12/2019-ൽ കൂടിയ വകുപ്പ് തല ടെക്നിക്കൽ കമ്മിറ്റി യോഗത്തിന്റെ മിനിറ്റ്സ്.

**ഉത്തരവ്**

ഓഡിറ്റ് വകുപ്പിൽ പുതുതായി പ്രവേശിക്കുന്ന ഓഡിറ്റർമാർക്കും, നിലവിലുള്ള ഓഡിറ്റർമാർക്കും ഓഡിറ്റ് മേഖലയിൽ കാലാകാലങ്ങളിലുണ്ടാകുന്ന മാറ്റങ്ങൾക്കൊപ്പം ഈ രംഗത്തുണ്ടാകുന്ന ദേശീയ അന്തർദേശീയ മാതൃകകളും ശൈലികളും രീതിശാസ്ത്രങ്ങളും തുടർച്ചയായ പരിശീലനപരിപാടികളുടെ ഭാഗമായി ആധുനിക വിവരസാങ്കേതികവിദ്യ ഉപയോഗിച്ച് ഡിജിറ്റൈസ്ഡ് പ്ലാറ്റ്ഫോമിൽ പരിശിലനം നൽകുന്നതിനുവേണ്ടി ഓഡിറ്റ് വകുപ്പിന്റെ സ്റ്റാറ്റ്യൂട്ടറി പരിശീലനകേന്ദ്രം IT assisted learning tools ന്റെ സഹായത്തോടെ ആധുനിക വൽക്കരിക്കുന്നതിനായി ഊരാളുങ്കൽ ലേബർ കോപ്പറേറ്റീവ് സൊസൈറ്റി 86,92,026/- രൂപയുടെ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു. പരാമർശം 2 പ്രകാരം ചേർന്ന വകുപ്പ്തല ടെക്നിക്കൽ കമ്മിറ്റി യോഗം പ്രസ്തുത പ്രവൃത്തി സർക്കാർ അനുമതിയോടെ മേൽപ്പടി സ്ഥാപനത്തെ ഏൽപ്പിക്കുന്നതിനു ശുപാർശ ചെയ്തിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പ്രൊപ്പോസലിനു ഭരണാനുമതി നൽകണമെന്ന് ഓഡിറ്റ് വകുപ്പ് ഡയറക്ടർ പരാമർശം 1 പ്രകാരം സർക്കാരിനോട് ആവശ്യപ്പെട്ടിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, പദ്ധതി പ്രവർത്തനത്തിന്റെ ഓരോ ഘട്ടവും ഓഡിറ്റ് വകുപ്പിന്റെ ടെക്നിക്കൽ കമ്മിറ്റി നിരീക്ഷിക്കേണ്ടതാണെന്ന നിബന്ധനയ്ക്ക് വിധേയമായി ഓഡിറ്റ് വകുപ്പിന്റെ സ്റ്റാറ്റ്യൂട്ടറി പരിശീലനകേന്ദ്രം IT assisted learning tools ന്റെ സഹായത്തോടെ ആധുനികവൽക്കരിക്കുന്നതിനു വേണ്ടി ഊരാളുങ്കൽ ലേബർ കോപ്പറേറ്റീവ് സൊസൈറ്റി സമർപ്പിച്ചിട്ടുള്ള 86,92,026/- (എൺപത്തിയാറ് ലക്ഷത്തി തൊണ്ണൂറ്റി രണ്ടായിരത്തി ഇരുപത്തിയാറ് രൂപ മാത്രം) രൂപയുടെ പ്രൊപ്പോസലിനു ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. പ്രസ്തുത ചെലവ് നടപ്പ് സാമ്പത്തിക വർഷത്തെ 2054-00-098-88-34-പ്ലാൻ എന്ന ശീർഷകത്തിൽ നിന്നും വഹിക്കാവുന്നതുമാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**എസ്.ഡി.ഫെറോൾഡ് സേവ്യർ**

**അഡീഷണൽ സെക്രട്ടറി (ധനകാര്യം)**

പകർപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ജി&എസ് എസ് എ ) കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (ഇ&ആർഎസ്എ) കേരള, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ മുഖേന)
വെബ് & ന്യൂ മീഡിയ, പബ്ലിക് റിലേഷൻസ് വകുപ്പ്
നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ് (www.finance.kerala.gov.in)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (ഇ.1375328)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ